**കപ്പേള**

ഒറ്റവരിയിൽ എഴുതാവുന്ന ഒരു കഥയെ രണ്ടരമണിക്കൂർ ദൈർഘ്യത്തിലേക്ക് ഒരു എൻഗേജിങ്ങ് സ്ക്രിപ്റ്റാക്കി വളർത്തുക എന്നത് തീർച്ചയായും ശ്രമകരമായ ഒരു ജോലിയാണ്.ദേശീയ അവാർഡ് ജേതാവു കൂടിയായ നടൻ മുഹമ്മദ് മുസ്തഫയുടെ ആദ്യ സംവിധാന സംരംഭമായ കപ്പേള അക്കാര്യത്തിൽ വലിയൊരു പരിധി വരെ വിജയിച്ചിട്ടുണ്ട്.

ആദ്യപകുതിയിലേറെയും കാരക്ടർ ഡീറ്റെയിലിംഗിനാണ് ഉപയോഗിച്ചിട്ടുള്ളത്. അധികമായാൽ അമൃതും വിഷം എന്നു പറയുമ്പോലെ,റിയലിസത്തിന്റെ അമിതപ്രസരത്താൽ ചെടിപ്പിക്കുന്നുണ്ട് ഈ പകുതിയിലെ ചില ഭാഗങ്ങളെങ്കിലും.വിഷ്ണു(റോഷൻ മാത്യു)വിന്റെയും,ജെസ്സിയുടെയും (അന്ന ബെൻ)ഉടലെടുക്കുന്ന ബന്ധത്തിന്റെ വളർച്ചയിലേക്ക് ഫോക്കസ് ചെയ്യുന്നിടത്താണ് ചിത്രം ട്രാക്കിലേക്ക് കയറുന്നത്.വളരെ പതുക്കെയാണ് കഥ കരുപ്പിടിപ്പിക്കുന്നത്.വിഷ്ണുവിനെ കാണാൻ വേണ്ടി കോഴിക്കോടെത്തുന്ന ജെസ്സിയെയും,വിഷ്ണുവിനെയും പിന്തുടരുന്ന റോയ്(ശ്രീനാഥ് ഭാസി)എന്ന കഥാപാത്രം രണ്ടാം പകുതിയിൽ അവതരിക്കുന്നതു കൂടി ചിത്രം ഒരു ത്രില്ലർ ട്രാക്കിലേക്ക് പ്രവേശിക്കുന്നു.

അഭിനേതാക്കളുടെ മനോഹരമായ പ്രകടനമാണ് കപ്പേളയെ പലപ്പോഴും രക്ഷിക്കുന്നത്.പ്രേക്ഷകനെ വിദഗ്ദ്ധമായി 'വഞ്ചിക്കുന്ന' പാത്രനിർമ്മാണത്തിനൊപ്പം അതിനെ ബുദ്ധിപരമായി ക്ലൈമാക്സ് വരെയെത്തിക്കുന്ന സംവിധായകന്റെ കഴിവിനെയും അഭിനന്ദിക്കാതെ വയ്യ.ബാഹ്യരൂപം കൊണ്ടും,പെരുമാറ്റരീതികൾ കൊണ്ടും ഒരാളെ വിലയിരുത്തുന്നത് ചിലപ്പോഴെങ്കിലും തെറ്റായിപ്പോയേക്കാം എന്ന് രണ്ട് ലീഡ് കഥാപാത്രങ്ങളുടെ പോർട്രെയലിലൂടെ അയാൾ തെളിയിക്കുന്നുണ്ട്. ക്ലിന്റ് ഈസ്റ്റ് വുഡിന്റെ 'ഗുഡ് ബാഡ് അഗ്ലി'യുമായി ഈയൊരു കാര്യത്തിൽ ഘടനാപരമായി കപ്പേള വലിയ സാദൃശ്യം പുലർത്തുന്നുണ്ട്.

രണ്ട് വ്യത്യസ്ത ഭൂപ്രകൃതികളിലായി പടർന്നു കിടക്കുകയാണ് രണ്ടു പകുതികളെങ്കിലും, ജിംഷി ഖാലിദിന്റെ ക്യാമറ അവയുടെ ടോൺ സിനിമയുടെ മൂഡുമായി സമർത്ഥമായി ബ്ലെൻഡ് ചെയ്യുന്നുണ്ട്. നൗഫൽ അബ്ദുള്ളയുടെ എഡിറ്റിംഗും ചിത്രത്തിന്റെ പേസിനെ സഹായിച്ചിട്ടുണ്ട്. തന്റെ തൊട്ടു മുമ്പുള്ള ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായി വളരെ മിനിമലായിട്ടുള്ള പശ്ചാത്തല സംഗീതമാണ് സുഷിൻ ശ്യാം കപ്പേളക്കായി ഒരുക്കിയിരിക്കുന്നത്. ക്ലൈമാക്സിനോടടുക്കുമ്പോൾ ഉള്ളിടത്തു മാത്രമാണ് അതൽപ്പമെങ്കിലും ലൗഡാവുന്നത്.

അന്ന ബെന്നിനെ സംബന്ധിച്ചിടത്തോളം കുമ്പളങ്ങി നൈറ്റ്സിലെ ബേബി മോളുടെ ഒരു എക്സ്റ്റൻഡഡ് വേർഷനായിരുന്നു ആദ്യ പകുതിയിലെ ജെസ്സി. രണ്ടാം പകുതിയിൽ ദുർഘടാവസ്ഥയിലെത്തുമ്പോഴുള്ള അവളുടെ ഭീതി നിറഞ്ഞ നോട്ടങ്ങൾ അന്നയിൽ ഭദ്രമായിരുന്നു.ശാന്ത സ്വഭാവിയായ വിഷ്ണുവായി റോഷനും, എന്തിനുമേതിനും കയർക്കുന്ന റോയിയായി ശ്രീനാഥ് ഭാസിയും ഒപ്പത്തിനൊപ്പം പിടിച്ചു നിന്നു. മറ്റഭിനേതാക്കൾക്കാർക്കും സിനിമയിൽ കാര്യമായി ഒന്നും ചെയ്യാനുണ്ടായിരുന്നില്ല.

വെർഡിക്ട് : വളരെ എളുപ്പം കൈവിട്ടു പോകാവുന്ന ഒരു സബ്ജക്ടായിരുന്നു കപ്പേളയുടേത്. പക്ഷേ എൻഗേജിംഗായ മേക്കിംഗ് ശൈലിയിലൂടെയും, ക്ലൈമാക്സ് വരെ ഒളിപ്പിച്ചു വെക്കുന്ന ചെറിയ ടിസ്റ്റിലൂടെയും സംവിധായകൻ അതിനെ ഭംഗിയാക്കിയിരിക്കുന്നു. എങ്കിലും റിയലിസ്റ്റിക് ഫിലിം മേക്കിംഗ് അടിയന്തിരമായി അതിന്റെ ശൈലിയിൽ എന്തെങ്കിലും മാറ്റം വരുത്തിയില്ലെങ്കിൽ അതധികം താമസിയാതെ ചവറ്റുകുട്ടയിലെറിയപ്പെടുമെന്ന ഒരു സന്ദേശം കൂടി അതു നൽകുന്നുണ്ട്.

Credit : Jithesh Mangalath